# IPTF 2020 : Bible Bee Verse List - Category V - Adults

| # | Category | Verse # | English Verse | Malayalam Verse |
|---|---|---|---|---|
| 1 | Advice for Kids and Parents \| കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ഉപദേശം | Proverbs 19:18 | Discipline your son, for there is hope; but do not be intent on his death . | നന്നാകുമെന്നു പ്രതീക്ഷയുള്ളപ്പോൾ നിന്റെ മകനെ ശിക്ഷിക്കുക; അവൻ നശിച്ചു പൊയ്ക്കൊള്ളട്ടെ എന്നു കരുതരുത്. |
| 2 | Advice for Kids and Parents \| കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ഉപദേശം | Ephesians 6:1-3 | Children, obey your parents [in the Lord], for this is right. “Honor your father and mother. This is the first commandment with a promise, “that it may go well with you and that you may have a long life on earth . | കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. അതു ന്യായയുക്തമാണ്. നിങ്ങൾക്കു നൻമ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കൽപന ഇതത്രേ . |
| 3 | Advice for Kids and Parents \| കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ഉപദേശം | Exodus 20:12 | Honor your father and your mother, that you may have a long life in the land the LORD your God is giving you. | നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക |
| 4 | Advice for Kids and Parents \| കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ഉപദേശം | Proverbs 1:8-9 | Hear, my son, your father’s instruction, and reject not your mother’s teaching . A graceful diadem will they be for your head; a pendant for your neck. | മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്. അവ നിന്റെ ശിരസ്സിനു വിശിഷ്ട ഹാരവും കഴുത്തിനു പതക്കങ്ങളുമത്രേ. |

| | | | | |
|---|---|---|---|---|
| 5 | Advice for Kids and Parents \| കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള ഉപദേശം | Proverbs 13:1 | A wise son loves correction, but the scoffer heeds no rebuke. | വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു; പരിഹാസകൻ ശാസനം അവഗണിക്കുന്നു. |
| 6 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | James 1 :19-20 | Know this, my dear brothers: everyone should be quick to hear, slow to speak, slow to wrath,<br>for the wrath of a man does not accomplish the righteousness of God | എന്റെ പ്രിയസഹോദരരേ, ഓർമിക്കുവിൻ. നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം. മനുഷ്യന്റെ കോപം ദൈവനീതിയുടെ പ്രവർത്തനത്തിനു പ്രേരണ നൽകുന്നില്ല; |
| 7 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Matthew 7:1-2 | Stop judging, that you may not be judged. For as you judge, so will you be judged, and the measure with which you measure will be measured out to you. | വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും. |
| 8 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Leviticus 19:31 | Do not turn to ghosts or consult spirits, by which you will be defiled. I, the LORD, am your God. | നിങ്ങൾ മന്ത്രവാദികളെയും ശകുനക്കാരെയും സമീപിച്ച് അശുദ്ധരാകരുത്. ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്. |
| 9 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Luke 6:31 | Do to others as you would have them do to you. | മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ. |

| | | | | |
|---|---|---|---|---|
| 10 | Discipleship \| ശിഷ്യത്വം | Luke 9:23-24 | Then he said to all “If anyone wishes to come after me, he must deny himself and take up his cross daily and follow me. For whoever wishes to save his life will lose it, but whoever loses his life for my sake will save it. " | അവൻ എല്ലാവരോടുമായി പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നെ പ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ അതിനെ രക്ഷിക്കും. |
| 11 | Discipleship \| ശിഷ്യത്വം | Matthew 19:14 | but Jesus said, Let the children come to me, and do not prevent them; for the kingdom of heaven belongs to such as these. | എന്നാൽ, അവൻ പറഞ്ഞു: ശിശുക്കളെ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ് . |
| 12 | God's Providence \| ദൈവ പരിപാലന | Acts: 16:31 | Believe in the Lord Jesus and you and your household will be saved. | കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും. |
| 13 | God's Providence \| ദൈവ പരിപാലന | 1 Corinthians 10:13 | No trial has come to you but what is human. God is faithful and will not let you be tried beyond your strength; but with the trial he will also provide a way out, so that you may be able to bear it. | മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും. |
| 14 | God's Providence \| ദൈവ പരിപാലന | Matthew 6:26 | Look at the birds in the sky; they do not sow or reap, they gather nothing into barns, yet your heavenly Father feeds them. Are not you more important than they? | ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ. |

| | | | | |
|---|---|---|---|---|
| 15 | God's Providence \| ദൈവ പരിപാലന | Jeremiah 29:11 | For I know well the plans I have in mind for you—oracle of the LORD—plans for your welfare and not for woe, so as to give you a future of hope. | കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. |
| 16 | God's Providence \| ദൈവ പരിപാലന | Philippians 4:13 | I  have the strength for everything through him who empowers me. | എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും. |
| 17 | God's Providence \| ദൈവ പരിപാലന | Psalms 121:5 | The LORD is your guardian; the LORD is your shade at your right hand. | കർത്താവാണു നിന്റെ കാവൽക്കാരൻ; നിനക്കു തണലേകാൻ അവിടുന്നു നിന്റെ വലത്തുഭാഗത്തുണ്ട്. |
| 18 | God's Providence \| ദൈവ പരിപാലന | Psalms 136:1 | Praise the LORD, for he is good; for his mercy endures forever. | കർത്താവിനു നന്ദി പറയുവിൻ;അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്. |
| 19 | God's Providence \| ദൈവ പരിപാലന | Psalms 34:19-20 | The LORD is close to the brokenhearted, saves those whose spirit is crushed. Many are the troubles of the righteous, but the LORD delivers him from them all | ഹൃദയം നുറുങ്ങിയവർക്കു കർത്താവ്  സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു. നീതിമാന്റെ ക്ലേശങ്ങൾ അസംഖ്യമാണ്, അവയിൽ നിന്നെല്ലാം കർത്താവു അവനെ മോചിപ്പിക്കുന്നു. |
| 20 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Psalms 32:8 | I will instruct you and show you the way you should walk, give you counsel with my eye upon you. | ഞാൻ നിന്നെ ഉപദേശിക്കാം , നീ നടക്കേണ്ട വഴി കാണിച്ചു തരാം; ഞാൻ നിന്റെ മേൽ ദൃഷ്ടി ഉറപ്പിച്ചു നിന്നെ ഉപദേശിക്കാം . |
| 21 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Ephesians 4:26-27 | Be angry but do not sin; do not let the sun set on your anger, and do not leave room for the devil . | കോപിക്കാം; എന്നാൽ, പാപം ചെയ്യരുത്. നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടു പോകാതിരിക്കട്ടെ. സാത്താന് നിങ്ങൾ അവസരം കൊടുക്കരുത് . |

| | | | | |
|---|---|---|---|---|
| 22 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Proverbs 3:6 | In all your ways be mindful of him, and he will make straight your paths. | നിന്റെ എല്ലാ പ്രവൃത്തികളും ദൈവ വിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും . |
| 23 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Deuteronomy 8:5-6 | So you must know in your heart that, even as a man disciplines his son, so the LORD, your God, disciplines you.<br>Therefore, keep the commandments of the LORD, your God, by walking in his ways and fearing him. | പിതാവു പുത്രന് എന്നപോലെ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് ശിക്ഷണം നൽകുമെന്ന് ഹൃദയത്തിൽ ഗ്രഹിക്കുവിൻ. അതിനാൽ, നിങ്ങളുടെ ദൈവമായ കർത്താവിന്റെ മാർഗത്തിലൂടെ ചരിച്ചും അവിടുത്തെ ഭയപ്പെട്ടും അവിടുത്തെ കൽപനകൾ പാലിച്ചുകൊള്ളുവിൻ |
| 24 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Proverbs 12:1 | Whoever loves discipline loves knowledge, but whoever hates reproof is stupid. | ശിക്ഷണം ഇഷ്ടപ്പെടുന്നവൻ  വിജ്ഞാനത്തെയാണ് സ്നേഹിക്കുന്നത്; ശാസനം വെറുക്കുന്നവൻ മൂഢനത്രേ. |
| 25 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Proverbs 19:9 | The false witness will not go unpunished, and whoever utters lies will perish. | കള്ളസ്സാക്ഷി ശിക്ഷിക്കപ്പെടാതിരിക്കുകയില്ല; വ്യാജം പറയുന്നവൻ നശിക്കും. |
| 26 | Love \| സ്നേഹം | 1 Corinthians 13:4-6 | Love is patient, love is kind. It is not jealous, [love] is not pompous, it is not inflated, it is not rude, it does not seek its own interests, it is not quick-tempered, it does not brood over injury,it does not rejoice over wrongdoing but rejoices with the truth. | സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ളാദം കൊള്ളുന്നു. |
| 27 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | John 14:6 | Jesus said to him,  "I am the way and the truth and the life. No one comes to the Father except through me. | യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല. |

| | | | | |
|---|---|---|---|---|
| 28 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 7:7-8 | Ask and it will be given to you; seek and you will find; knock and the door will be opened to you. For everyone who asks, receives; and the one who seeks, finds; and to the one who knocks, the door will be opened. | ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു. |
| 29 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Isaiah 65:24 | Before they call, I will answer; while they are yet speaking, I will hear | വിളിക്കും മുൻപേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർഥിച്ചു തീരും മുൻപേ ഞാൻ അതു കേൾക്കും . |
| 30 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Proverbs 3:5 | Trust in the LORD with all your heart, on your own intelligence do not rely; | കർത്താവിൽ പൂർണ ഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. |
| 31 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | proverbs 15:29 | The LORD is far from the wicked, but hears the prayer of the just. | കർത്താവ് ദുഷ്ടരിൽ നിന്ന് അകന്നിരിക്കുന്നു; നീതിമാൻമാരുടെ പ്രാർഥന ചെവിക്കൊള്ളുന്നു. |
| 32 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Proverbs 16:3 | Entrust your works to the LORD, and your plans will succeed. | നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും. |
| 33 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | John 15:7 | If you remain in me and my words remain in you, ask for whatever you want and it will be done for you. | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും. |

| | | | | |
|---|---|---|---|---|
| 34 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 18:19-20 | Again, [amen,] I say to you, if two of you agree on earth about anything for which they are to pray, it shall be granted to them by my heavenly Father. For where two or three are gathered together in my name, there am I in the midst of them. | വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും. |
| 35 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Psalms 145:18-19 | The LORD is near to all who call upon him, to all who call upon him in truth.<br>He fulfills the desire of those who fear him; he hears their cry and saves them | തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയ പരമാർഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവു സമീപസ്ഥനാണ്. തന്റെ ഭക്തൻമാരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു; അവിടുന്ന് അവരുടെ നിലവിളികേട്ട് അവരെ രക്ഷിക്കുന്നു |
| 36 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Isaiah 41:10 | Do not fear: I am with you; do not be anxious: I am your God. I will strengthen you, I will help you, I will uphold you with my victorious right hand. | ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെ താങ്ങി നിർത്തും. |
| 37 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Isaiah 41:13 | For I am the LORD, your God, who grasp your right hand; It is I who say to you, Do not fear, I will help you. | നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും. |

| | | | | |
|---|---|---|---|---|
| 38 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Deuteronomy 3:22 | Do not fear them, for it is the LORD, your God, who will fight for you . | അവരെ ഭയപ്പെടരുത്; എന്തെന്നാൽ, നിങ്ങളുടെ കർത്താവായ ദൈവമായിരിക്കും നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യുന്നത്. |
| 39 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Deuteronomy 31:6 | Be strong and steadfast; have no fear or dread of them, for it is the LORD, your God, who marches with you; he will never fail you or forsake you. | ശക്തരും ധീരരുമായിരിക്കുവിൻ, ഭയപ്പെടേണ്ടാ; അവരെപ്രതി പരിഭ്രമിക്കുകയും വേണ്ടാ. എന്തെന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവാണ് കൂടെ വരുന്നത്. അവിടുന്ന നിങ്ങളെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല. |
| 40 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Joshua 1:9 | I command you: be strong and steadfast! Do not fear nor be dismayed, for the LORD, your God, is with you wherever you go. | ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും നിന്നോടു ഞാൻ കൽപിച്ചിട്ടില്ലയോ? നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും. |
| 41 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Matthew 11:28-30 | Come to me, all you who labor and are burdened, and I will give you rest. Take my yoke upon you and learn from me, for I am meek and humble of heart; and you will find rest for yourselves. For my yoke is easy, and my burden light. | അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്. |

| | | | | |
|---|---|---|---|---|
| 42 | Wisdom \| ജ്ഞാനം | 1 Corinthians 1:25 | For the foolishness of God is wiser than human wisdom, and the weakness of God is stronger than human strength. | എന്തെന്നാൽ, ദൈവത്തിന്റെ ഭോഷത്തം മനുഷ്യരെക്കാൾ ജ്ഞാനമുള്ളതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ശക്തവുമാണ്. |
| 43 | Wisdom \| ജ്ഞാനം | James 1:5 | But if any of you lacks wisdom, he should ask God who gives to all generously and ungrudgingly, and he will be given it. | നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവന് അതു ലഭിക്കും. കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്നവനാണ് അവിടുന്ന് . |
| 44 | Wisdom \| ജ്ഞാനം | Proverbs 3:13 | Happy the one who finds wisdom, the one who gains understanding. | ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ് . |
| 45 | Wisdom \| ജ്ഞാനം | Jeremiah 33:3 | Call to me, and I will answer you; I will tell you great things beyond the reach of your knowledge. | എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും . |
| 46 | Wisdom \| ജ്ഞാനം | Proverbs 1:7 | Fear of the LORD is the beginning of knowledge; fools despise wisdom and discipline. | ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം; ഭോഷൻമാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു. ദുഷ്ടസമ്പർക്കം വെടിയുക . |
| 47 | Wisdom \| ജ്ഞാനം | Proverbs 11:2 | When pride comes, disgrace comes; but with the humble is wisdom . | അഹങ്കാരത്തിന്റെ പിന്നാലെ അപമാനമുണ്ട്; വിനയമുള്ളവരോടു കൂടെ ജ്ഞാനവും. |
| 48 | Wisdom \| ജ്ഞാനം | Proverbs 16:16 | How much better to get wisdom than gold! To get understanding is preferable to silver. | ജ്ഞാനം ലഭിക്കുന്നതു സ്വർണം കിട്ടുന്നതിനെക്കാൾ ശ്രേഷ്ഠമാണ്; വിജ്ഞാനം വെള്ളിയെക്കാൾ അഭികാമ്യവും. |
| 49 | Wisdom \| ജ്ഞാനം | Proverbs 2:6 | For the LORD gives wisdom ,from his mouth come knowledge and understanding | എന്തെന്നാൽ, കർത്താവ് ജ്ഞാനം നൽകുന്നു; അവിടുത്തെ വദനത്തിൽ നിന്ന് അറിവും വിവേകവും പുറപ്പെടുന്നു. |
| 50 | Wisdom \| ജ്ഞാനം | Mathew 7:24 | Everyone who listens to these words of mine and acts on them will be like a wise man who built his house on rock | എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും |

| | | | | |
|---|---|---|---|---|
| 51 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | 1 Peter 3:8-9 | Finally, all of you, be of one mind, sympathetic, loving toward one another, compassionate, humble. Do not return evil for evil, or insult for insult; but, on the contrary, a blessing, because to this you were called, that you might inherit a blessing | അവസാനമായി, നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദര സ്നേഹവും കരുണയും വിനയവും ഉള്ളവരായിരിക്കുവിൻ. തിൻമയ്ക്കു തിൻമയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ. |
| 52 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Colossians 3:12-14 | Put on then, as God’s chosen ones, holy and beloved, heartfelt compassion, kindness, humility, gentleness, and patience,bearing with one another and forgiving one another, if one has a grievance against another; as the Lord has forgiven you, so must you also do.And over all these put on love, that is, the bond of perfection. | അതിനാൽ, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ.  ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെതന്നെ നിങ്ങളും ക്ഷമിക്കണം. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ. |
| 53 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Colossians 3:17 | And whatever you do, in word or in deed, do everything in the name of the Lord Jesus, giving thanks to God the Father through him. | നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചു കൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ. |

| | | | | |
|---|---|---|---|---|
| 54 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Galatians 5:19-21 | Now the works of the flesh are obvious: immorality, impurity, licentiousness, idolatry, sorcery, hatreds, rivalry, jealousy, outbursts of fury, acts of selfishness, dissensions, factions, occasions of envy, drinking bouts, orgies, and the like. I warn you, as I warned you before, that those who do such things will not inherit the kingdom of God. | ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെട്ടുവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു. |
| 55 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | James 1:26-27 | If anyone thinks he is religious and does not bridle his tongue but deceives his heart, his religion is vain. Religion that is pure and undefiled before God and the Father is this: to care for orphans and widows in their affliction and to keep oneself unstained by the world. | താൻ ദൈവഭക്തനാണെന്ന് ഒരുവൻ വിചാരിക്കുകയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്താൽ അവന്റെ ഭക്തി വ്യർഥമത്രേ. പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക. |
| 56 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Luke 6:35 | But rather, love your enemies and do good to them, and lend expecting nothing back; then your reward will be great and you will be children of the Most High, for he himself is kind to the ungrateful and the wicked | എന്നാൽ, നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ. തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ മറ്റുള്ള വർക്കു നൻമചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും, നിങ്ങൾ അത്യുന്നതന്റെ പുത്രൻമാരായിരിക്കുകയും ചെയ്യും. കാരണം, അവിടുന്നു നന്ദി ഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു. |
| 57 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Matthew 5:44 | But I say to you, love your enemies, and pray for those who persecute you. | എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ. |

| | | | | |
|---|---|---|---|---|
| 58 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Matthew 5:48 | So be perfect, just as your heavenly Father is perfect. | അതുകൊണ്ട്, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ. |
| 59 | Commandments \| കൽപ്പനകൾ | Mark 12:29-30 | Jesus replied, “The first is this: ‘Hear, O Israel! The Lord our God is Lord alone! You shall love the Lord your God with all your heart, with all your soul, with all your mind, and with all your strength. | യേശു പ്രതിവചിച്ചു: "ഇതാണ് ഒന്നാമത്തെ കൽപന: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്.  നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും, പൂർണാത്മാവോടും, പൂർണമനസ്സോടും, പൂർണ ശക്തിയോടുംകൂടെ സ്നേഹിക്കുക. " |
| 60 | Commandments \| കൽപ്പനകൾ | Mark 12:31 | The second is this: ‘You shall love your neighbor as yourself.’ There is no other commandment greater than these. | രണ്ടാമത്തെ കൽപന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഇവയെക്കാൾ വലിയ കൽപനയൊന്നുമില്ല. |
| 61 | Discipleship \| ശിഷ്യത്വം | Matthew 28:19-20 | Go, therefore, and make disciples of all nations, baptizing them in the name of the Father, and of the Son, and of the holy Spirit, teaching them to observe all that I have commanded you. And behold, I am with you always, until the end of the age. | ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. |
| 62 | God's Providence \| ദൈവ പരിപാലന | Psalms 121:2-3 | My help comes from the LORD, the maker of heaven and earth. He will not allow your foot to slip; or your guardian to sleep | എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു; ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്. നിന്റെ കാൽ വഴുതാൻ അവിടുന്നു സമ്മതിക്കുകയില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല. |

| | | | | |
|---|---|---|---|---|
| 63 | God's Providence \| ദൈവ പരിപാലന | Matthew 10:29-31 | Are not two sparrows sold for a small coin? Yet not one of them falls to the ground without your Father's knowledge. Even all the hairs of your head are counted. So do not be afraid; you are worth more than many sparrows. | ഒരു നാണയത്തുട്ടിനു രണ്ടു കുരുവികൾ വിൽക്കപ്പെടുന്നില്ലേ? നിങ്ങളുടെ പിതാവിന്റെ അറിവുകൂടാതെ അവയിലൊന്നു പോലും നിലം പതിക്കുകയില്ല. നിങ്ങളുടെ തലയിലെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു. അതിനാൽ, ഭയപ്പെടേണ്ടാ. നിങ്ങൾ അനേകം കുരുവികളെക്കാൾ വിലയുള്ളവരാണല്ലോ. |
| 64 | God's Providence \| ദൈവ പരിപാലന | Proverbs 3:9-10 | Honor the LORD with your wealth, with first fruits of all your produce; Then will your barns be filled with plenty,<br>with new wine your vats will overflow | കർത്താവിനെ നിന്റെ സമ്പത്തു കൊണ്ടും, നിന്റെ എല്ലാ ഉത്പന്നങ്ങളുടെയും ആദ്യഫലങ്ങൾകൊണ്ടും ബഹുമാനിക്കുക.അപ്പോൾ നിന്റെ ധാന്യപ്പുരകൾ സമൃദ്ധികൊണ്ടു നിറയുകയും നിന്റെ ചക്കുകളിൽ വീഞ്ഞു നിറഞ്ഞു കവിയുകയും ചെയ്യും. |
| 65 | God's Providence \| ദൈവ പരിപാലന | Proverbs 5:21 | Indeed, the ways of each person are plain to the LORD's sight;<br><br>all their paths he surveys | മനുഷ്യന്റെ ചെയ്തികളെല്ലാം കർത്താവ് കാണുന്നു. അവിടുന്ന് അവന്റെ പാതകളെ ശോധനചെയ്യുന്നു. |
| 66 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | 2 Timothy 2:15-16 | Be eager to present yourself as acceptable to God, a workman who causes no disgrace, imparting the word of truth without deviation. Avoid profane, idle talk, for such people will become more and more godless<br>. | സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട്, അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക. ലൗകികമായ വ്യർത്ഥഭാഷണം ഒഴിവാക്കുക. അല്ലെങ്കിൽ, അതു ജനങ്ങളെ ഭക്തിരാഹിത്യത്തിലേക്കു നയിക്കും |

| | | | | |
|---|---|---|---|---|
| 67 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Colossians 4:5-6 | Conduct yourselves wisely toward outsiders, making the most of the opportunity. Let your speech always be gracious, seasoned with salt, so that you know how you should respond to each one. | പുറമേയുള്ളവരോടു നിങ്ങൾ വിവേകപൂർവം വർത്തിക്കുവിൻ. സമയം പൂർണമായും പ്രയോജനപ്പെടുത്തുക. നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോരുത്തരോടും എങ്ങനെ മറുപടി പറയണമെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കണം. |
| 68 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Deuteronomy 16:19 | You must not distort justice: you shall not show partiality;l you shall not take a bribe, for a bribe blinds the eyes even of the wise and twists the words even of the just. | നിന്റെ വിധികൾ നീതിവിരുദ്ധമായിരിക്കരുത്. നീ പക്ഷപാതം കാട്ടുകയോ കൈക്കൂലി വാങ്ങുകയോ അരുത്. എന്തെന്നാൽ, കൈക്കൂലി ജ്ഞാനിയെ അന്ധനാക്കുകയും നീതി നിഷേധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. |
| 69 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Ephesians 5:6-7 | Let no one deceive you with empty arguments, for because of these things the wrath of God is coming upon the disobedient. So do not be associated with them. | ആരും അർഥശൂന്യമായ വാക്കുകൾകൊണ്ട് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ഇവമൂലം അനുസരണമില്ലാത്ത മക്കളുടെമേൽ ദൈവത്തിന്റെ ക്രോധം നിപതിക്കുന്നു. അതിനാൽ, അവരുമായി സമ്പർക്കമരുത്. |
| 70 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Mark 7:20-23 | But what comes out of a person, that is what defiles. From within people, from their hearts, come evil thoughts, unchastity, theft, murder, adultery, greed, malice, deceit, licentiousness, envy, blasphemy, arrogance, folly.<br>All these evils come from within and they defile . | ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിൻമകളെല്ലാം ഉള്ളിൽനിന്നു വരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| 71 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Matthew 6:20-21 | But store up treasures in heaven, where neither moth nor decay destroys, nor thieves break in and steal. For where your treasure is, there also will your heart be . | എന്നാൽ, സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളൻമാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും. |
| 72 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Matthew 6:22-23 | The lamp of the body is the eye. If your eye is sound, your whole body will be filled with light; but if your eye is bad, your whole body will be in darkness. And if the light in you is darkness, how great will the darkness be. | കണ്ണാണ് ശരീരത്തിൻെറ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും . |
| 73 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Proverbs 4:23 | With all vigilance guard your heart,<br><br>for in it are the sources of life | നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തു സൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽ നിന്നാണൊഴുകുന്നത്. |
| 74 | Love \| സ്നേഹം | 1 John 4 :18 | There is no fear in love, but perfect love drives out fear because fear has to do with punishment, and so one who fears is not yet perfect in love . | സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം, ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണനായിട്ടില്ല. |
| 75 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | John 14:10 | Do you not believe that I am in the Father and the Father is in me? The words that I speak to you I do not speak on my own. The Father who dwells in me is doing his works. | ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ് . |

| | | | | |
|---|---|---|---|---|
| 76 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | John 3:35-36 | The Father loves the Son and has given everything over to him.Whoever believes in the Son has eternal life, but whoever disobeys the Son will not see life, but the wrath of God remains upon him | പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെ മേൽ ഉണ്ട്. |
| 77 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | John 3:16-17 | For God so loved the world that he gave his only Son, so that everyone who believes in him might not perish but might have eternal life. For God did not send his Son into the world to condemn the world, but that the world might be saved through him. | എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്. |
| 78 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | John 6:35 | Jesus said to them, "I am the bread of life; whoever comes to me will never hunger, and whoever believes in me will never thirst ." | യേശു അവരോടു പറഞ്ഞു: "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല. " |
| 79 | Manifestations of Jesus \| ഈശോയുടെ സ്വയം വെളിപ്പെടുത്തൽ | Mark 10:45 | For the Son of Man did not come to be served but to serve and to give his life as a ransom for many. | മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ |

| | | | | |
|---|---|---|---|---|
| 80 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Psalms 118:5-6 | In danger I called on the LORD; the LORD answered me and set me free. The LORD is with me; I am not afraid;<br>what can mortals do against me? | ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു; എന്റെ പ്രാർഥനകേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു. കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും? |
| 81 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Ephesians 6:11-12 | Put on the armor of God so that you may be able to stand firm against the tactics of the devil. For our struggle is not with flesh and blood but with the principalities, with the powers, with the world rulers of this present darkness, with the evil spirits in the heavens. | സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിൻമയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ പടവെട്ടുന്നത് |
| 82 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Hebrews 13:8 | Jesus Christ is the same yesterday, today, and forever. | യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. |
| 83 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Isaiah 59:1-2 | No, the hand of the LORD is not too short to save, nor his ear too dull to hear. Rather, it is your crimes that separate you from your God, It is your sins that make him hide his face so that he does not hear you. | രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്ന് നിന്റെ പ്രാർഥന കേൾക്കുന്നില്ല. |
| 84 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | James 2:26 | For just as a body without a spirit is dead, so also faith without works is dead. | ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തികൂടാതെയുള്ള വിശ്വാസവും മൃത മാണ്. |

| | | | | |
|---|---|---|---|---|
| 85 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | James 5:16 | Therefore, confess your sins to one another and pray for one another, that you may be healed. The fervent prayer of a righteous person is very powerful | നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർഥന വളരെ ശക്തിയുള്ളതും ഫല ദായകവുമാണ് . |
| 86 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 10:32-33 | Everyone who acknowledges me before others I will acknowledge before my heavenly Father. But whoever denies me before others, I will deny before my heavenly Father. | മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും. |
| 87 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 7:11 | If you then, who are wicked, know how to give good gifts to your children, how much more will your heavenly Father give good things to those who ask him | മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നൻമകൾ നൽകും! |
| 88 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Philippians 4:6-7 | Have no anxiety at all, but in everything, by prayer and petition, with thanksgiving, make your requests known to God.Then the peace of God that surpasses all understanding will guard your hearts and minds in Christ Jesus. | ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാ സ്തോത്രങ്ങളോടെ നിങ്ങളുടെ യാചന കൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ. അപ്പോൾ, നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും. |
| 89 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | 1 John 1:8-9 | If we say, “We are without sin,” we deceive ourselves, and the truth is not in us. If we acknowledge our sins, he is faithful and just and will forgive our sins and cleanse us from every wrongdoing. | നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. |

| | | | | |
|---|---|---|---|---|
| 90 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Ephesians 4:31-32 | All bitterness, fury, anger, shouting, and reviling must be removed from you, along with all malice. And be kind to one another, compassionate, forgiving one another as God has forgiven you in Christ. | സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിൻമകളോടുംകൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ. ദൈവം ക്രിസ്തുവഴി നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാ റുവിൻ. |
| 91 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | 1 Peter 3:13-14 | Now who is going to harm you if you are enthusiastic for what is good? But even if you should suffer because of righteousness, blessed are you. Do not be afraid or terrified with fear of them . | നൻമ ചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും? നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാൻമാർ. അവരുടെ ഭീഷണി നിങ്ങൾ ഭയപ്പെടേണ്ടാ; നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ടാ . |
| 92 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | 1 Peter 5:6 | So humble yourselves under the mighty hand of God, that he may exalt you in due time.Cast all your worries upon him because he cares for you . | ദൈവത്തിൻെറ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. |
| 93 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Isaiah 40:30-31 | Though young men faint and grow weary, and youths stagger and fall, They that hope in the LORD will renew their strength, they will soar on eagles' wings; They will run and not grow weary, walk and not grow faint. | യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റുവീഴാം. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല. |

| | | | | |
|---|---|---|---|---|
| 94 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Isaiah 43:1 | But now, thus says the LORD, who created you, Jacob, and formed you, Israel: Do not fear, for I have redeemed you; I have called you by name: you are mine. | യാക്കോബേ, നിന്നെ സൃഷ്ടിക്കുകയും ഇസ്രായേലേ, നിന്നെ രൂപപ്പെടുത്തുകയും ചെയ്ത കർത്താവ് അരുളിച്ചെയ്യുന്നു; ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. |
| 95 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | John 14:27 | Peace I leave with you; my peace I give to you. Not as the world gives do I give it to you. Do not let your hearts be troubled or afraid. | ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ. |
| 96 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Matthew 6:26-27 | Look at the birds in the sky; they do not sow or reap, they gather nothing into barns, yet your heavenly Father feeds them. Are not you more important than they? Can any of you by worrying add a single moment to your life-span | ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ! ഉത്കണ്ഠമൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? |
| 97 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Matthew 6:31-33 | So do not worry and say, ‘What are we to eat?’ or ‘What are we to drink?’ or ‘What are we to wear?’ All these things the pagans seek. Your heavenly Father knows that you need them all. But seek first the kingdom [of God] and his righteousness,* and all these things will be given you besides | അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനംചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ. വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു.നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും. |

| | | | | |
|---|---|---|---|---|
| 98 | Wisdom \| ജ്ഞാനം | Ecclesiastes 2:26 | For to the one who pleases God, he gives wisdom and knowledge and joy; but to the one who displeases, God gives the task of gathering possessions for the one who pleases God. This also is vanity and a chase after wind | തന്നെ പ്രസാദിപ്പിക്കുന്നവനു ദൈവം ജ്ഞാനവും അറിവും ആനന്ദവും പ്രദാനം ചെയ്യുന്നു; പാപിക്കാകട്ടെ, അവിടുത്തെ പ്രസാദിപ്പിക്കുന്നവനു വേണ്ടി ധനം ശേഖരിച്ചു കൂട്ടാനുള്ള ജോലിമാത്രം കൊടുക്കുന്നു. ഇതും മിഥ്യയും പാഴ്വേലയുംതന്നെ. |
| 99 | Wisdom \| ജ്ഞാനം | James 3:17 | But the wisdom from above is first of all pure, then peaceable, gentle, compliant, full of mercy and good fruits, without inconstancy or insincerity. | എന്നാൽ, ഉന്നതത്തിൽനിന്നുള്ള ജ്ഞാനം ഒന്നാമത് ശുദ്ധവും പിന്നെ സമാധാനപൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതും ആണ്. അത് അനിശ്ചിതമോ ആത്മാർഥതയില്ലാത്തതോ അല്ല. |
| 100 | Wisdom \| ജ്ഞാനം | Proverbs 4:10-11 | Hear, my son, and receive my words, and the years of your life shall be many. On the way of wisdom I direct you, I lead you on straight paths. | മകനേ, എന്റെ വാക്ക് നിന്റെ ഹൃദയത്തിൽ പതിയട്ടെ; അപ്പോൾ നിനക്കു ദീർഘായുസ്സുണ്ടാകും. ഞാൻ ജ്ഞാനത്തിന്റെ വഴി നിന്നെ പഠിപ്പിച്ചു; സത്യസന്ധതയുടെ പാതകളിൽനിന്നെ നയിച്ചു. |
| 101 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Romans  12:12-14 | Rejoice in hope, endure in affliction, persevere in prayer. Contribute to the needs of the holy ones, exercise hospitality. Bless those who persecute [you], bless and do not curse them. | പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ. വിശുദ്ധരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവിൻ; അതിഥിസത്കാരത്തിൽ തത്പരരാകുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്. |

| | | | | |
|---|---|---|---|---|
| 102 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Romans 12:15-17 | Rejoice with those who rejoice, weep with those who weep.Have the same regard for one another; do not be haughty but associate with the lowly; do not be wise in your own estimation.Do not repay anyone evil for evil; be concerned for what is noble in the sight of all. | സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടു കൂടെ കരയുവിൻ. നിങ്ങൾ അന്യോന്യം യോജിപ്പോടെ വർത്തിക്കുവിൻ; ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്കിറങ്ങി വരുവിൻ. ബുദ്ധിമാൻമാരാണെന്നു നിങ്ങൾ നടിക്കരുത്. തിൻമയ്ക്കു പകരം തിൻമ ചെയ്യരുത്; ഏവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ. |
| 103 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Romans 12:9-11 | Let love be sincere; hate what is evil, hold on to what is good; love one another with mutual affection; anticipate one another in showing honor. Do not grow slack in zeal, be fervent in spirit, serve the Lord. | നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിൻമയെ ദ്വേഷിക്കുവിൻ; നൻമയെ മുറുകെപ്പിടിക്കുവിൻ.നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനിൽക്കുവിൻ. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. |
| 104 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Sirach 18:23 | Before making a vow prepare yourself; do not be like one who puts the Lord to the test | നേർച്ച നേരുന്നതിനു മുമ്പു നന്നായി ചിന്തിക്കുക; കർത്താവിനെ പരീക്ഷിക്കുന്നവനെ പ്പോലെ ആകരുത്. |
| 105 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Sirach 19:5-7 | Whoever gloats over evil will be destroyed, and whoever repeats gossip has no sense.<br>Never repeat gossip,<br>and no one will reproach you | ദുഷ്ടതയിൽ ആനന്ദിക്കുന്നവൻ ശിക്ഷിക്കപ്പെടും. വ്യർഥ ഭാഷണത്തെ വെറുക്കുന്നവൻ തിന്മയിൽ നിന്ന് ഒഴിഞ്ഞിരിക്കും. കേൾക്കുന്നതെല്ലാം പറഞ്ഞു നടക്കരുത്; നിനക്കൊന്നും നഷ്ടപ്പെടുകയില്ല. |
| 106 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Sirach 5:10-11 | Be steadfast regarding your knowledge, and let your speech be consistent. Be swift to hear, but slow to answer. | നീ അറിവിൽ സ്ഥൈര്യം പാലിക്കുക; നിന്റെ വാക്കുകളിൽ പൊരുത്തക്കേടുണ്ടാകരുത്; കേൾക്കുന്നതിൽ ജാഗരൂകതയും മറുപടി പറയുന്നതിൽ അവധാനവും കാട്ടുക. |

| | | | | |
|---|---|---|---|---|
| 107 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Tobit 4:16 | Give to the hungry some of your food, and to the naked some of your clothing. Whatever you have left over, give away as alms; and do not let your eye begrudge the alms that you give. | വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കിടുക; നഗ്നനുമായി നിന്റെ വസ്ത്രവും. മിച്ചമുള്ളതു ദാനം ചെയ്യുക. ദാനധർമം ചെയ്യുന്നതിൽ മടി കാണിക്കരുത്. |
| 108 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Zechariah 7:9 - 10 | Thus says the LORD of hosts: Judge with true justice, and show kindness and compassion toward each other. Do not oppress the widow or the orphan, the resident alien or the poor; do not plot evil against one another in your hearts. | സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു, സത്യസന്ധമായി വിധിക്കുക; സഹോദരർ പരസ്പരം കരുണയും അലിവും കാണിക്കുക. വിധവയെയും അനാഥനെയും പരദേശിയെയും ദരിദ്രനെയും പീഡിപ്പിക്കരുത്. നിങ്ങളിൽ ആരും തന്റെ സഹോദരനെതിരേ തിൻമ നിരൂപിക്കരുത്. |
| 109 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Luke 6:27-28 | But to you who hear I say, love your enemies, do good to those who hate you, bless those who curse you, pray for those who mistreat you | എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു, ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നൻമ ചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ. |
| 110 | Christian Conduct \| ക്രിസ്തീയ ജീവിതചര്യ | Luke 6:29-30 | To the person who strikes you on one cheek, offer the other one as well, and from the person who takes your cloak, do not withhold even your tunic. Give to everyone who asks of you, and from the one who takes what is yours do not demand it back | ഒരു ചെകിട്ടത്ത് അടിക്കുവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുക. മേലങ്കി എടുക്കുവനെ കുപ്പായംകൂടി എടുക്കുന്നതിൽ നിന്നു തടയരുത്. നിന്നോടു ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക. നിന്റെ വസ്തുക്കൾ എടുത്തു കൊണ്ടു പോകുന്നവനോടു തിരിയെ ചോദിക്കരുത് . |

| | | | | |
|---|---|---|---|---|
| 111 | Discipleship \| ശിഷ്യത്വം | John 15:18-19 | If the world hates you, realize that it hated me first.If you belonged to the world, the world would love its own; but because you do not belong to the world, and I have chosen you out of the world, the world hates you. | ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിന്റേതായിരുന്നുവെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു. |
| 112 | Discipleship \| ശിഷ്യത്വം | Matthew 16:24-25 | Then Jesus said to his disciples, Whoever wishes to come after me must deny himself, take up his cross, and follow me. For whoever wishes to save his life will lose it, but whoever loses his life for my sake will find it | യേശു ശിഷ്യൻമാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും |
| 113 | Discipleship \| ശിഷ്യത്വം | Mark 10:29-30 | Jesus said, Amen, I say to you, there is no one who has given up house or brothers or sisters or mother or father or children or lands for my sake and for the sake of the gospel who will not receive a hundred times more now in this present age: houses and brothers and sisters and mothers and children and lands, with persecutions, and eternal life in the age to come. | യേശു പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നെ പ്രതിയും സുവിശേഷത്തെപ്രതിയും ഭവനത്തെയോ സഹോദരൻമാരെയോ സഹോദരിമാരെയോ മാതാവിനെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്നവരിലാർക്കും ഇവിടെ വച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കയില്ല - ഭവനങ്ങളും സഹോദരൻമാരും സഹോദരിമാരും മാതാക്കളും മക്കളും വയലുകളും അവയോടൊപ്പം പീഡനങ്ങളും; വരാനിരിക്കുന്ന കാലത്തു നിത്യജീവനും. |

| | | | | |
|---|---|---|---|---|
| 114 | Discipleship \| ശിഷ്യത്വം | Mark 16:15-16 | Go into the whole world and proclaim the gospel to every creature. Whoever believes and is baptized will be saved; whoever does not believe will be condemned. | നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും |
| 115 | Discipleship \| ശിഷ്യത്വം | Mark 9:42-43 | Whoever causes one of these little ones who believe [in me] to sin, it would be better for him if a great millstone were put around his neck and he were thrown into the sea. If your hand causes you to sin, cut it off. It is better for you to enter into life maimed than with two hands to go into Gehenna, into the unquenchable fire. | വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും, അവനു കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്. നിന്റെ കൈ നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു വെട്ടിക്കളയുക.  ഇരു കൈകളും ഉള്ളവനായി നരകത്തിലെ കെടാത്ത അഗ്നിയിൽ നിപതിക്കുന്നതിനെക്കാൾ നല്ലത് അംഗഹീനനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്. |
| 116 | God's Providence \| ദൈവ പരിപാലന | Psalms 145:13-14 | Your reign is a reign for all ages, your dominion for all generations. The LORD is trustworthy in all his words, and loving in all his works.The LORD supports all who are falling and raises up all who are bowed down . | അവിടുത്തെ രാജത്വം ശാശ്വതമാണ്; അവിടുത്തെ ആധിപത്യം തലമുറകളോളം നിലനിൽക്കുന്നു; കർത്താവു വാഗ്ദാനങ്ങളിൽ വിശ്വസ്തനും പ്രവൃത്തികളിൽ കാരുണ്യവാനുമാണ്. കർത്താവു വീഴുന്നവരെ താങ്ങുന്നു, നിലംപറ്റിയവരെ എഴുന്നേൽപിക്കുന്നു. |
| 117 | God's Providence \| ദൈവ പരിപാലന | Psalms 145:9 | The LORD is good to all, compassionate toward all your works | കർത്താവ് എല്ലാവർക്കും നല്ലവനാണ്; തന്റെ സർവസൃഷ്ടിയുടെയും മേൽ അവിടുന്നു കരുണ ചൊരിയുന്നു. |
| 118 | God's Providence \| ദൈവ പരിപാലന | Psalms 23:1-2 | The LORD is my shepherd; there is nothing I lack. In green pastures he makes me lie down; to still waters he leads me; | കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്കു വിശ്രമമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു. |

| | | | | |
|---|---|---|---|---|
| 119 | God's Providence \| ദൈവ പരിപാലന | Psalms 25:8-9 | Good and upright is the LORD, therefore he shows sinners the way, He guides the humble in righteousness, and teaches the humble his way | കർത്താവു നല്ലവനും നീതിമാനുമാണ്. പാപികൾക്ക് അവിടുന്നു നേർവഴി കാട്ടുന്നു. എളിയവരെ അവിടുന്നു നീതി മാർഗത്തിൽ നയിക്കുന്നു; വിനീതരെ തന്റെ വഴി പഠിപ്പിക്കുന്നു. |
| 120 | God's Providence \| ദൈവ പരിപാലന | Psalms 55:23 | Cast your care upon the LORD, who will give you support. He will never allow the righteous to stumble. | ദൈവമേ, അങ്ങ് അവരെ അത്യഗാധത്തിലേക്കു തള്ളിവീഴ്ത്തും; രക്തദാഹികളും വഞ്ചകരും ആയുസ്സിന്റെ പകുതി എത്തുകയില്ല; എന്നാൽ, ഞാൻ അങ്ങയിൽ ആശ്രയിക്കും. |
| 121 | God's Providence \| ദൈവ പരിപാലന | Psalms 94:16-18 | Who will rise up for me against the wicked?<br>Who will stand up for me against evildoers?<br>If the LORD were not my help,<br>I would long have been silent in the grave.When I say, “My foot is slipping,” your mercy, LORD, holds me up. | ആര് എനിക്കു വേണ്ടി ദുഷ്ടർക്കെതിരായി എഴുന്നേൽക്കും? ആര് എനിക്കു വേണ്ടി ദുഷ്കർമികളോട് എതിർത്തു നിൽക്കും? കർത്താവ് എന്നെ സഹായിച്ചിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ പണ്ടേ മൂകതയുടെ ദേശത്ത് എത്തുമായിരുന്നു. എന്റെ കാൽ വഴുതുന്നു എന്നു ഞാൻ വിചാരിച്ചപ്പോഴേക്കും കർത്താവേ, അങ്ങയുടെ കാരുണ്യം എന്നെ താങ്ങി നിർത്തി. |
| 122 | God's Providence \| ദൈവ പരിപാലന | Romans 8:28 | We know that all things work for good for those who love God, who are called according to his purpose. | ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ. |
| 123 | God's Providence \| ദൈവ പരിപാലന | Zephaniah 3:17 | The LORD, your God, is in your midst, a mighty savior, Who will rejoice over you with gladness, and renew you in his love, Who will sing joyfully because of you. | നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ്, നിന്റെ മധ്യേ ഉണ്ട്. നിന്നെക്കുറിച്ച് അവിടുന്ന് അതിയായി ആഹ്ലാദിക്കും. തന്റെ സ്നേഹത്തിൽ അവിടുന്ന് നിന്നെ പുനഃപ്രതിഷ്ഠിക്കും. ഉത്സവദിനത്തിലെന്നപോലെ അവിടുന്ന് നിന്നെക്കുറിച്ച് ആനന്ദഗീതമുതിർക്കും. |

| | | | | |
|---|---|---|---|---|
| 124 | God's Providence \| ദൈവ പരിപാലന | Isaiah 49:16 | See, upon the palms of my hands I have engraved you; your walls are ever before me. | ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്റെ മതിലുകൾ എപ്പോഴും എന്റെ മുൻപിലുണ്ട്. |
| 125 | God's Providence \| ദൈവ പരിപാലന | Jeremiah 1:5 | Before I formed you in the womb I knew you,before you were born I dedicated you, a prophet to the nations I appointed you. | മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു. |
| 126 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Mark 9:40-41 | For whoever is not against us is for us. Anyone who gives you a cup of water to drink because you belong to Christ, amen, I say to you, will surely not lose his reward . | നമുക്ക് എതിരല്ലാത്ത വൻ നമ്മുടെ പക്ഷത്താണ്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ക്രിസ്തുവിനുള്ളവരാകയാൽ അവന്റെ നാമത്തിൽ ആരെങ്കിലും നിങ്ങൾക്ക് ഒരു പാത്രം വെള്ളം കുടിക്കാൻ തന്നാൽ അവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല. |
| 127 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Sirach 18:30-31 | Do not let your passions be your guide,but keep your desires in check. If you allow yourself to satisfy your passions, they will make you the laughingstock of your enemies. | അധമ വികാരങ്ങൾക്കു കീഴടങ്ങാതെ തൃഷ്ണ നിയന്ത്രിക്കുക. അധമവികാരങ്ങളിൽ ആനന്ദിച്ചാൽ, നീ ശത്രുക്കൾക്കു പരിഹാസ പാത്രമായിത്തീരും. |
| 128 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Sirach 18:21 | Before you fall ill, humble yourself;and when you have sinned, show repentance. Do not delay forsaking your sins; do not neglect to do so until you are in distress. | വീഴും മുമ്പ് വിനീതനാവുക; പാപം ചെയ്തു പോകും മുമ്പ് പിന്തിരിയുക. |

| | | | | |
|---|---|---|---|---|
| 129 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Luke 6:43-45 | A good tree does not bear rotten fruit, nor does a rotten tree bear good fruit. For every tree is known by its own fruit. For people do not pick figs from thornbushes, nor do they gather grapes from brambles. A good person out of the store of goodness in his heart produces good, but an evil person out of a store of evil produces evil; for from the fullness of the heart the mouth speaks. | നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും. ഓരോ വൃക്ഷവും ഫലം കൊണ്ടു തിരിച്ചറിയപ്പെടുന്നു. മുൾച്ചെടിയിൽനിന്ന് അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നിന്നു മുന്തിരിപ്പഴമോ ലഭിക്കുന്നില്ലല്ലോ. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നൻമ പുറപ്പെടുവിക്കുന്നു. ചീത്ത മനുഷ്യൻ തിൻമയിൽ നിന്നു തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. |
| 130 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Sirach 2:4-5 | Accept whatever happens to you; in periods of humiliation be patient. For in fire gold is tested, and the chosen, in the crucible of humiliation. | വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ, സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും. |
| 131 | Guidance \| മാർഗ്ഗ നിർദ്ദേശങ്ങൾ | Mark 4:24-25 | He also told them, "Take care what you hear. The measure with which you measure will be measured out to you, and still more will be given to you.<br>To the one who has, more will be given; from the one who has not, even what he has will be taken away. | നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ. നിങ്ങൾ അളക്കുന്ന അളവിൽത്തന്നെ നിങ്ങൾക്കും അളന്നുകിട്ടും; കൂടുതലും ലഭിക്കും. ഉള്ളവനു നൽകപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും . |
| 132 | Love \| സ്നേഹം | Romans 8:38-39 | For I am convinced that neither death, nor life, nor angels, nor principalities, nor present things, nor future things, nor powers, nor height, nor depth, nor any other creature will be able to separate us from the love of God in Christ Jesus our Lord. | എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ  ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. |

| | | | | |
|---|---|---|---|---|
| 133 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Psalms 143:10 | Teach me to do your will, for you are my God. May your kind spirit guide me on ground that is level. | അങ്ങയുടെ ഹിതം അനുവർത്തിക്കാൻ എന്നെ പഠിപ്പിക്കണമേ! എന്തെന്നാൽ, അവിടുന്നാണ് എന്റെ ദൈവം! അങ്ങയുടെ നല്ല ആത്മാവ് എന്നെ നിരപ്പുള്ള വഴിയിലൂടെ നയിക്കട്ടെ! |
| 134 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Psalms 25:4-5 | Make known to me your ways, LORD; teach me your paths. Guide me by your fidelity and teach me, for you are God my savior, for you I wait all the day long. | കർത്താവേ, അങ്ങയുടെ മാർഗങ്ങൾ എനിക്കു മനസ്സിലാക്കിത്തരണമേ! അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ. അങ്ങയുടെ സത്യത്തിലേക്ക് എന്നെ നയിക്കണമേ! എന്നെ പഠിപ്പിക്കണമേ! എന്തെന്നാൽ, അങ്ങാണല്ലോ എന്നെ രക്ഷിക്കുന്ന ദൈവം; അങ്ങേക്കു വേണ്ടി ദിവസം മുഴുവൻ ഞാൻ കാത്തിരിക്കുന്നു. |
| 135 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Psalms 34:5-6 | I sought the LORD, and he answered me, delivered me from all my fears. Look to him and be radiant, and your faces may not blush for shame. | അവിടുത്തെ നോക്കിയവർ പ്രകാശിതരായി, അവർ ലജ്ജിതരാവുകയില്ല. ഈ എളിയവൻ നിലവിളിച്ചു, കർത്താവു കേട്ടു; എല്ലാ കഷ്ടതകളിലും നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു. |
| 136 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Romans 10:9 | For, if you confess with your mouth that Jesus is Lord and believe in your heart that God raised him from the dead, you will be saved. | ആകയാൽ, യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും. |
| 137 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Sirach 7:10 | Do not be impatient in prayer or neglect almsgiving. | പ്രാർഥനയിൽ മടുപ്പു തോന്നരുത്; ദാനധർമത്തിൽ വൈമുഖ്യം കാണിക്കരുത്. |

| | | | | |
|---|---|---|---|---|
| 138 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Mark 11:24-25 | Therefore I tell you, all that you ask for in prayer, believe that you will receive it and it shall be yours.<br>When you stand to pray, forgive anyone against whom you have a grievance, so that your heavenly Father may in turn forgive you your transgressions. | അതിനാൽ, ഞാൻ പറയുന്നു: പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും. നിങ്ങൾ പ്രാർഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും. |
| 139 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 7:21 | Not everyone who says to me, 'Lord, Lord,' will enter the kingdom of heaven, but only the one who does the will of my Father in heaven | കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക. |
| 140 | Prayer and Faith \| പ്രാർത്ഥനയും വിശ്വാസവും | Matthew 16:26 | What profit would there be for one to gain the whole world and forfeit his life? Or what can one give in exchange for his life? | ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും ? |
| 141 | Prophecy and Fulfilment \| പ്രവചനങ്ങളും പൂർത്തീകരണ വും | Isaiah 53:3-4 | He was spurned and avoided by men, a man of suffering, knowing pain, Like one from whom you turn your face,<br>spurned, and we held him in no esteem. Yet it was our pain that he bore, our sufferings he endured. We thought of him as stricken, struck down by God and afflicted. | അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു; നാം അവരെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ, ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്യുന്നു നാം കരുതി . |

| | | | | |
|---|---|---|---|---|
| 142 | Prophecy and Fulfilment \| പ്രവചനങ്ങളും പൂർത്തീകരണവും | John 1:10-11 | He was in the world, and the world came to be through him, but the world did not know him.He came to what was his own, but his own people did not accept him | അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും, ലോകം അവനെ അറിഞ്ഞില്ല.അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല. |
| 143 | Prophecy and Fulfilment \| പ്രവചനങ്ങളും പൂർത്തീകരണവും | Luke 1:35 | And the angel said to her in reply, The holy Spirit will come upon you, and the power of the Most High will overshadow you. Therefore the child to be born will be called holy, the Son of God. | ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും. |
| 144 | Prophecy and Fulfilment \| പ്രവചനങ്ങളും പൂർത്തീകരണവും | Isaiah 44:3 | I will pour out water upon the thirsty ground, streams upon the dry land; I will pour out my spirit upon your offspring, my blessing upon your descendants. | വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെമേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും. |
| 145 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Psalm 27:1 | The LORD is my light and my salvation;whom should I fear? The LORD is my life’s refuge; of whom should I be afraid? | കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം? |
| 146 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Psalms 23:3-4 | He restores my soul. He guides me along right paths for the sake of his name. Even though I walk through the valley of the shadow of death, I will fear no evil, for you are with me; your rod and your staff comfort me | അവിടുന്ന് എനിക്ക് ഉൻമേഷം നൽകുന്നു; തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു. മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല;അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു. |

| | | | | |
|---|---|---|---|---|
| 147 | Verses to get rid of anxiety and fear \| ഭയവും ഉത്കണ്ഠയും മാറ്റാനുള്ള വചനങ്ങൾ | Psalms 46:2-3 | God is our refuge and our strength, an ever-present help in distress. Thus we do not fear, though earth be shaken and mountains quake to the depths of the sea. | ഭൂമി ഇളകിയാലും പർവതങ്ങൾ സമുദ്രമധ്യത്തിൽ അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല.ജലം പതഞ്ഞുയർന്നിരമ്പിയാലും അതിന്റെ പ്രകമ്പനം കൊണ്ടു പർവതങ്ങൾ വിറ കൊണ്ടാലും നാം ഭയപ്പെടുകയില്ല. |
| 148 | Wisdom \| ജ്ഞാനം | Psalms 37:30-31 | The mouth of the righteous utters wisdom;his tongue speaks what is right.God’s teaching is in his heart; his steps do not falter | നീതിമാന്റെ അധരങ്ങൾ ജ്ഞാനം സംസാരിക്കുന്നു; അവന്റെ നാവിൽനിന്നു, നീതി ഉതിരുന്നു.ദൈവത്തിന്റെ നിയമം അവന്റെ ഹൃദയത്തിൽ കുടികൊള്ളുന്നു; അവന്റെ കാലടികൾ വഴുതുന്നില്ല. |
| 149 | Wisdom \| ജ്ഞാനം | Sirach 1:1 | All wisdom is from the Lord and remains with him forever. | സർവ ജ്ഞാനവും കർത്താവിൽ നിന്നു വരുന്നു. അത് എന്നേക്കും അവിടുത്തോടു കൂടെയാണ്. |
| 150 | Wisdom \| ജ്ഞാനം | Sirach 1:20 | The root of wisdom is to fear the Lord; her branches are long life. | കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ തായ്‌വേരാണ്. ദീർഘായുസ്സ് അവളുടെ ശാഖകളും. |